LIBRARY ARCHIVES Kerala Legislative Assembly

കൊരട്ടി ലിറ്റിൽ ഫ്ലവർ കോൺവെന്റ് സ്കൂളിലെ എൽ.പി.എസ്.എ.-മാരുടെ നിയമന അംഗീകാരം

17(4621). ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ലിറ്റിൽഫ്ലവർ കോൺവെന്റ് എൽ.പി.എസ്-2012-ൽ എൽ.പി.എസ്.എ.-മാരായി ജോലിയിൽ പ്രവേശിച്ച ശ്രീമതി ബിജി പൗലോസ്, ശ്രീമതി ലിബി എം. ജോസ് എന്നിവരുടെ നിയമനം അംഗീകരിച്ചു കിട്ടുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത അപേക്ഷകളിൽ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ശ്രീമതി ബിജി പൗലോസിന്റെ നിയമനം സർക്കാർ ഉത്തരവ് നംബർ 836/2014/പൊ.വി.വ., തീയതി 7-11-2014 പ്രകാരം അംഗീകരിച്ച് നൽകിയിട്ടുണ്ട്. ശ്രീമതി ലിബി എം. ജോസിന്റെ നിയമനം സംബന്ധിച്ച ഫയൽ സർക്കാരിന്റെ പരിഗണനയിലാണ്.

അധികമുള്ള അദ്ധ്യാപകരുടെ കണക്ക്

18(4622) ശ്രീ. പി. ഉബൈദുള്ള : .താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അധികമുള്ള അദ്ധ്യാപകരുടെ കണക്കുകൾ ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇവരുടെ പുനർവിന്യാസ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) തസ്തിക നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും പുനർവിന്യാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)

ജില്ല	ഗവൺമെന്റ്	എയ്ഡഡ്
തിരുവനന്തപുരം	351	593
കൊല്ലം	221	512
ആലപ്പുഴ	111	413
പത്തനംതിട്ട	46	364
കോട്ടയം	61	444
ഇടുക്കി	1	182
എറണാകുളം	208	754
തൃശ്ശൂർ	213	881
പാലക്കാട്	120	558
മലപ്പുറം	241	684
കോഴിക്കോട്	117	619
വയനാട്	13	66
കണ്ണൂർ	103	733
കാസർഗോഡ്	115	95

(ബി) അദ്ധ്യാപക ബാങ്ക് രൂപീകരിച്ച് പുനർവിന്യസിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ അദ്ധ്യാപക ബാങ്കിന്റെ രൂപീകരണം പൂർത്തിയായിട്ടില്ല.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly